## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല -അയ്യങ്കുന്ന് ഗ്രാമപഞ്ചായത്ത്- 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 32000/-രൂപയും (മുപ്പത്തിരണ്ടായിരം രൂപ മാത്രം), 48000/- (നാല്പത്തിയെട്ടായിരം രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നല്കി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ)നം. 97/19/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 19.1.2019**

---

പരാമർശം: 1) പഞ്ചായത്ത് ഡയറക്ടറുടെ എം3/27341/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.9.2018 ലെ ഡി .കെ.എസ്.എ. 2144/പി.റ്റി.3/2018 നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ അയ്യങ്കുന്ന് ഗ്രാമപഞ്ചായത്തിൽ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം, സബ്സിഡി മാർഗരേഖ മാനദണ്ഡങ്ങൾ പാലിക്കാതെ ഗ്രാമ പഞ്ചായത്തിലെ മരിച്ചീനി കൃഷി (വനിതാ) പ്രോജെക്റ്റിൽ നിലമൊരുക്കലിന് സബ്സിഡി നൽകിയ 32,000/- രൂപയും വ്യക്തികൾക്ക് വിത്ത്, വളം എന്നിവയ്ക്കുള്ള സബ്സിഡി പണമായി നൽകിയ 48,000/- രൂപയും ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പ്രകാരം നെൽകൃഷി ഒഴികെയുള്ള കൃഷിയിനങ്ങൾക്കു നിലമൊരുക്കൽ പ്രവർത്തി ചെയ്യുന്നതിന് സബ്സിഡി അനുവദനീയമല്ല. വിത്ത്, വളം എന്നിവയ്ക്കുള്ള സബ്സിഡി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ പണമായി നല്കാൻ പാടില്ല എന്ന മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ ലംഘിച്ചാണ് സബ്സിഡി ഗുണഭോക്താക്കൾക്ക് പണമായി അനുവദിച്ചത് .

3. പരാമർശ പ്രകാരമുള്ള പദ്ധതി നിർവഹണം നടത്തിയ കൃഷി ഓഫീസർ മരണപ്പെട്ടതിനാലും തടസ്സത്തുക ഈടാക്കുന്നതിന് പര്യാപ്തമായ സ്വത്തുക്കൾ നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ഇല്ലെന്നു അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാലും ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്കു സർക്കാർ സാധൂകരണം നൽകുന്നതിനായി 22.1.2016 ലെ 13/16(6)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ,ഓഡിറ്റ് പരാമർശത്തിന്റെ പകർപ്പ് ,ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റി ശുപാർശ എന്നിവ സഹിതം പരാമർശം(1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

4. ഗ്രാമപഞ്ചായത്ത് സമിതി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം എന്നിവ പരിഗണിച്ച് മേൽ പരാമർശിച്ചിട്ടുള്ള ചെലവുകൾക്ക് സാധൂകരണം നൽകുന്നതിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ പരാമർശം(2) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സബ്സിഡി മാർഗരേഖ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പദ്ധതി നിർവഹണം നടത്തിയതെങ്കിലും നിർവഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടുപോയ സാഹചര്യത്തിൽ, ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനം ,സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ അയ്യങ്കുന്ന് ഗ്രാമപഞ്ചായത്തിൽ 2009-10, 2010-11 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം, ഗ്രാമ പഞ്ചായത്തിലെ മരിച്ചീനി കൃഷി (വനിതാ) പ്രോജെക്റ്റിൽ നിലമൊരുക്കലിന് സബ്സിഡി നൽകിയ 32000/-രൂപയും (മുപ്പത്തിരണ്ടായിരം രൂപ മാത്രം), 48000/- (നാല്പത്തിയെട്ടായിരം രൂപ മാത്രം) രൂപയും സർക്കാർ സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ

സെക്രട്ടറി, അയ്യങ്കുന്ന് ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ**